
ഇതൾ
ഋതുവർണ

# പത്രാധിപസമിതി

പത്രാധിപർ................വൈഷ്ണവ് എം.എസ്

അംഗങ്ങൾ.................അഭിനന്ദ്.എസ്.ആനന്ദ്

അനാഹിത ബാല്യ

മാളവിക.വി.കെ

പ്രിയനന്ദ പ്രദീപ്

ധാർമിക്.പി.ജെ

വിനയശ്രീ

ഐശ്വര്യ

അശ്വതി

ദേവിക

സാന്ത്വന പാർവതി

ദേവനന്ദന

റിന്ന ഫാരിസ്

ആദിൽ ഹംദി

നന്ദന

ഉപദേശക സമിതി..............ഹെഡ് മാസ്റ്റർ

കൈറ്റ്സ് മാസ്റ്റർ

കൈറ്റ്സ് മിസ്ട്രസ്സ്

## മറ്റു ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# ആമുഖം

## നടുവണ്ണൂർ സ്കൂളിലെ കുട്ടുകാരുടെ കലാവാസനയും സാഹിത്യവാസനയും

## ഇതളുകളിലൂടെ ഞങ്ങൾ നിങ്ങൾക്കു മുന്നിൽ എത്തിക്കുന്നു........

# ഉള്ളടക്കം

**ഉള്ളടക്കം**

പത്രാധിപസമിതി.....2
ആമുഖം.....3
ഉള്ളടക്കം.....4
അമ്പലം.....5
സി.വി.ശ്രീരാമൻ.....7
ബുദ്ധിയാണ് ശക്തി.....8
അഭ്രപാളിയിൽ പെൺപൂക്കുമ്പോൾ . . .....10
മരം.....12
പെൺമനം.....13
മാറുന്ന പ്രകൃതി.....15
സമരം ചെയ്യാത്ത ഉറുമ്പുകൾ.....16
സ്നേഹസ്പർശം.....17
മഴ.....21
ബാല്യകാലം.....24
കൺപീലി നനയുമ്പോൾ.....27

# അമ്പലം

**കവിത** **-അനാഹിത ബാലു**

എൻ മനസ്സിൽ തെളിഞ്ഞൊരമ്പലം
നോക്കിയപ്പോൾ കണ്ടതു വിഗ്രഹം
ആരോ നിർമ്മിച്ച പഞ്ചിക്കെട്ടുകൾ
ഒരു വിളക്ക തിരിയായ് എരിഞ്ഞവിടെ
അത് കണ്ടുനില്ക്കുന്ന

ഓട്ടുകൊണ്ടുള്ളൊരു നിലവിളക്കും
കുമ്പിടാനെത്തുന്ന വൃദ്ധന്മാരിവിടെ
ദുഃഖങ്ങളെല്ലാം പറഞ്ഞുതീർക്കാനായ്
എത്തുന്ന ഒരു കൂട്ടം ഭക്തജനങ്ങൾ
ചന്ദനപ്പൊട്ടും കയ്യിൽപിടിച്ചുകൊണ്ട്
നിർബന്ധം കൊണ്ടു വരുന്നവരെത്രയോ
വിശ്വാസമില്ലാതെ വന്നു മടങ്ങുന്ന
കാര്യസാധ്യത്തിനെത്തുന്ന ഭക്തർ
ഭണ്ഡാരമെന്ന ഖജനാവിൻവായിൽ
നാണയത്തുണ്ടുകളിട്ടു കൊടുക്കുന്നു

മംഗളവേദി നടക്കുന്നിവിടെ
ഉത്സവം കൊടിയേറുന്നിവിടെ
ഉത്സവത്തിന് മാറ്റുകൂട്ടാനായ്
ചാരായം കൊണ്ട് വിളയാടുന്ന ഭക്തർ
ആപത്തു വന്നാൽ വിളിക്കുന്ന മൂർത്തിയെ
ഉഴിഞ്ഞു വെക്കുന്ന ഖജനാവിലേക്ക്
രോഗം മൂർച്ഛിച്ചാൽ കുത്തുവാക്കും

ഒന്നുമറിയാതെ ഉള്ളിലിരിക്കുന്നു

വെട്ടിത്തിളങ്ങുന്ന കൽപ്രതിമ

ആരോ നിർമ്മിച്ച കൽപ്രതിമ

ഭാവനയാകുന്ന കൽപ്രതിമ

എൻ മനസ്സിൽ തെളിഞ്ഞൊരമ്പലം

നോക്കിയപ്പോൾ കണ്ടതു വിഗ്രഹം




# സി.വി.ശ്രീരാമൻ

## ജീവചരിത്രക്കുറിപ്പ് -വിനയശ്രീ.വി.എം

മലയാളത്തിലെ പ്രമുഖ ചെറുകഥാകൃത്തും നോവലിസ്റ്റുമായ **സി.വി.ശ്രീരാമൻ** , 1931 ഫെബ്രുവരിയിൽ കുന്നംകുളത്ത് ജനിച്ചു. അച്ഛൻ വേലപ്പൻ അമ്മ ദേവകി പ്രാഥമിക വിദ്യാഭ്യാസം സിലോണിലായിരുന്നു.തുടർന്ന് കുന്നംകുളം ഗവൺമെന്റ് ഹൈസ്കൂൾ, തൃശ്ശൂർ സെന്റ്തോമസ് കോളേജ്, മദ്രാസ് ലോ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിച്ചു. അഭിഭാഷകനായിരുന്നു. ശ്രീരാമന്റെ കഥകളിലേറെയും ശ്രീലങ്കയും കൊൽക്കത്തയും തമിഴ് നാടും,ആൻഡമാൻ നിക്കോബാർ ദ്വീപും പശ്ചാത്തലമായുള്ളതാണ്. ജോലിയുമായി ബന്ധപ്പെട്ട പ്രവാസജീവിതമാണ് അദ്ദേഹത്തിന്റെ കഥകളിൽ പ്രധാന വിഷയമായി കടന്നുവരുന്നത്. പ്രധാന കൃതികൾ:വാസ്തുഹാര, ക്ഷുരസ്യാധാര, ദുഃഖിതരുടെ ദുഖം, പുറം കാഴ്ചകൾ,ചിതബരംശ്രീരാമന്റെ കഥകൾ,ഇഷ്ടദാനം.
വാസ്തുഹാര,പുരുഷാർത്ഥം, പൊൻമട എന്നീ സിനിമകൾ ശ്രീരാമന്റെ കഥകളുടെ ചലച്ചിത്രാവിഷ്കാരമാണ്.

പുരസ്കാരം: അബുദാബി ശക്തി അവാർഡ്,
കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്,
രാഷ്ട്രപതിയുടെ സുവർണ്ണമയൂരം തുടങ്ങിയവ.

2007–ൽ അദ്ദേഹം അന്തരിച്ചു.



# ബുദ്ധിയാണ് ശക്തി

**ഗുണപാഠ കഥ** **-അനാഹിത ബാലു**

**രാ**ജപുരി എന്ന കൊട്ടാരത്തിലെ രാജാവാണ് ഹെറോൺ. അദ്ദേഹം വളരെ നല്ല ഭരണാധികാരിയായിരുന്നു. പക്ഷെ വളരെ വേഗം കോപിക്കുന്ന സ്വഭാവക്കാരനായിരുന്നു അദ്ദേഹം. ദേഷ്യം വന്നാൽ പിന്നെ താൻ എന്താണ് പ്രവർത്തിക്കുന്നതെന്ന് അദ്ദേഹത്തിനു പോലും അറിയില്ല.കുറ്റവാളികളെയെല്ലാം അദ്ദേഹം കഠിനമായി ശിക്ഷിച്ചു.

അങ്ങനെയിരിക്കേ ഒരു ദിവസം മോഷണകുറ്റത്തിൻെറ പേരിൽ ഒരു വൃദ്ധനെ കൊട്ടാരത്തിലെത്തിച്ചു. പരിക്ഷീണിതനായിരുന്ന ആ വൃദ്ധൻ താനൊന്നും മോഷ്ടിച്ചില്ലെന്ന് പറഞ്ഞ് കരയാൻ തുടങ്ങി.അദ്ദേഹത്തിൻെറ വാക്കുകളിൽ സത്യമുണ്ടെന്നു തോന്നിയ രാജാവിൻെറ കണ്ണുകളിൽ കരുണ നിറഞ്ഞു.രാജാവിൻെറ ഭാവമാറ്റം കണ്ട പടതലവൻ വൃദ്ധൻെറ മോഷണത്തിനു സാക്ഷികളുണ്ടെന്ന് രാജാവിനെ ബോധിപ്പിച്ചു.രാജാവ് സാക്ഷികളോട് വരാൻ ആജ്ഞാപിച്ചു.അവർ വിവരിക്കാൻ തുടങ്ങി."പ്രഭോ,ഞങ്ങൾ രാത്രി ഒരു ശബ്ദം കേട്ട് പുറത്തിറങ്ങി നോക്കിയതാണ്.അപ്പോഴാണ് മോഷണം നടന്ന വീട്ടിൽ നിന്നും ഇയാൾ വരുന്നത് കണ്ടത്.ഞങ്ങളെ കണ്ടപ്പോൾ ഇയാൾ ഓടിക്കളഞ്ഞു.പിറ്റേന്നാണ് മോഷണ വിവരം ഞങ്ങളറിഞ്ഞത്".ഇതെല്ലാം ബുദ്ധിമാനായ മന്ത്രി ശ്രദ്ധിക്കുന്നുണ്ടായിരുന്നു.വൃദ്ധൻെറ മുഖത്തുള്ള നിഷ്കളങ്കതയും സാക്ഷികളുടെ പരിഭ്രമവും മന്ത്രിയിൽ നേരിയ സംശയമുളവാക്കി.സാക്ഷി മൊഴി കേട്ട രാജാവിന് തൻെറ കോപം അടക്കാനായില്ല.അദ്ദേഹം ദേഷ്യത്തോടെ ആജ്ഞാപിച്ചു." ഇയാൾ ഇപ്പോൾ രണ്ടു തെറ്റുകളാണ്

ചെയ്തിരിക്കുന്നത്. മോഷണവും നമ്മോട് കള്ളം പറയുക എന്ന ദുസ്സാഹസവും.അതിനാൽ നമ്മുടെ വളർത്തു പട്ടികൾ ഇയാളെ ഭക്ഷണമാക്കട്ടെ".ഇതു കേട്ട മന്ത്രി രാജാവിനോട് താഴ്മയായി അഭ്യർത്ഥിച്ചു." പ്രഭോ ഇദ്ദേഹത്തെ ശിക്ഷിക്കരുതേ................ ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്എന്നാണെല്ലോ.അതിനാൽ ഇതിൻെറ സത്യാവസ്ഥ നാം അങ്ങയെ ബോധ്യപ്പെടുത്താം".ഒടുവിൽ പടതലവനാണ് യഥാർത്ഥ കുറ്റവാളിയെന്ന് രാജാവിനെ ബോധ്യപ്പെടുത്തി.പക്ഷെ അപകടസൂചന ലഭിച്ച പടതലവൻ തന്നെ ചതിച്ചതു മന്ത്രിയാണെന്ന് രാജാവിനെ തെറ്റിദ്ധരിപ്പിച്ചു.കോപാകുലനായ രാജാവ് മന്ത്രിയെ കൂട്ടിലിടാൻ ആജ്ഞാപിച്ചു.ഇതു കേട്ട മന്ത്രി അഞ്ചു ദിവസത്തെ സാവകാശത്തിനാവശ്യപെട്ടു.രാജാവതു സമ്മതിച്ചു.അഞ്ചു ദിവസത്തിനു ശേഷം മന്ത്രിയെ കൂട്ടിലിട്ടു.കുറച്ചു സമയത്തിനു ശേഷം മന്ത്രിയെ കൊന്നിട്ടുണ്ടാവുമെന്ന് കരുതി ചെന്ന രാജാവു കണ്ടത് മന്ത്രിയുടെ അടുത്ത് വാലാട്ടി നിൽക്കുന്ന പട്ടിയെയാണ്.ഇതെങ്ങനെ സംഭവിച്ചു എന്നു ചോദിച്ച രാജാവിനോട് മന്ത്രി താൻ അവയെ സ്നേഹപൂർവ്വം പരിപാലിച്ച കാര്യവും അത് അവ നന്ദിപൂർവ്വം ഓർക്കുന്ന കാര്യവും പറഞ്ഞു.ഇത്രയും കാലം അങ്ങയെ സേവിച്ച എനിക്ക് അങ്ങ് വധശിക്ഷ നൽകിയില്ലെ എന്ന ചോദ്യത്തിനു മുന്നിൽ രാജാവ് തൻെറ തെറ്റ് മനസ്സിലാക്കി.പടതലവന് ഉചിതമായ ശിക്ഷയും വൃദ്ധനു സമ്മാനങ്ങളും നൽകി.ഒടുവിൽ ബുദ്ധിയാണ് ശക്തിയെന്ന് മന്ത്രി തെളിയിച്ചു.

# അഭ്രപാളിയിൽ പെൺപൂക്കുമ്പോൾ . . .

## കവിത

-ജ്യഷികാവിനോദ്



ഞെട്ടറ്റുവീണൊരിലപോലെ അന്ന്,
വീണടിഞ്ഞു നിൻ കാലടിയ്ക്കുള്ളിലായ്...
മൃതമായ്..ജഡമായ്..പുഴുവായടിഞ്ഞു ഞാൻ
നിണം പെയ്തകാലത്തൊരു
വീഥികളിലെപ്പൊഴോ...

യവനികയിൽ
നിന്നുഞാനോടിയൊളിച്ച
പിന്നാമ്പുറങ്ങളിൽ കുമ്പിട്ടുനിന്നു...
പൂക്കാൻ മറന്നു..വിടരാൻ മടിച്ച ;
ഭ്രൂണമായുറങ്ങിയെൻ
വസന്തമന്നൊക്കെ

ചിതലുകൾ കയറിയെൻ
ചിന്തകളിലൊക്കവേ...
പുഴുവരിയ്ക്കുന്നെൻ പ്രണയമോഹങ്ങളെ...
പൂക്കാതെയന്ന് ഞാൻ വീർപ്പുമുട്ടീടവേ...
അറിയാതെ കാതോർത്തു തണലാർന്നൊരീണത്തെ...

ഒടുവിലായെപ്പൊഴോ പതിയെപ്പറഞ്ഞു ഞാൻ
ഭയമാണ് നിന്നെയീ ലോകത്തിനൊക്കവേ...
ആർത്തവപ്പേടിയോ..അറിവിനെപ്പേടിയോ...
അറിയില്ല എങ്കിലും അബലയല്ലിന്ന് നീ...

എന്നോ കരിഞ്ഞൊരെൻ ചില്ലകളിലൊക്കെയും
സൂര്യകിരണങ്ങൾ ചന്ദനം ചാർത്തുന്നു...
അന്നു കൊഴിഞ്ഞൊരെൻ ഇലകൾ ചിരിയ്ക്കുന്നു;
തളിർനാമ്പിൻ അഴകുള്ള തലനീട്ടൽ കാണവേ...

വിടരുന്ന പൂക്കൾ..തെളിയുന്ന മാനം
കരിയാൽ കറുത്തൊരീ വീഥികളിലൊക്കെയും
മഴയായ് പൊഴിയുന്ന രക്തപുഷ്പങ്ങൾ...
മെല്ലെച്ചുവക്കുന്ന കുരിരുൾ രാത്രിയും...

ഇന്നിതാ പൂത്തൊരെൻ വാകമരമൊക്കെയും...
നാളെയുടെ കനവാൽ ചുവന്നവ...,
മെല്ലെപ്പരക്കുന്ന സൗരഭ്യമൊക്കെയും...
നന്മയുടെ ചൂരാൽ നിറഞ്ഞവ

പൂക്കണം ഇനിയുമൊരുതീപ്പന്തമായീ...
പെയ്യണം അതിജീവനക്കരുത്തായി.

# മരം

**കവിത** **_മുഹമ്മദ് റോഷൻ**

റണ്ടുനാൾ മുമ്പടിച്ച കനത്തകാറ്റിന്റെ
തീവ്രതയിൽ
ഒടിഞ്ഞുളുങ്ങിയ മുറ്റത്തെ മാവിൽ,
ചില്ലയിലിരുന്ന് 'കാക്ക' കൊക്കണയ്ക്കുമ്പോൾ,
ചിതറിവീഴുന്ന കരിയിലകൾ
മുറ്റത്ത് പതിയ്ക്കവേ,
കരിയിലകളെ നോക്കിയെന്നമ്മ;
"മരങ്ങൾ വെച്ച് വളർത്താനല്ലാതെ
മുറ്റമടിയ്ക്കാനറിയിലല്ലോ,
നിന്റെയച്ഛന് "എന്നുച്ചത്തിൽ
വിളിച്ചു പറയവേ..........

മരങ്ങളില്ലാതെ നമ്മൾ ശ്വസിക്കുന്നതെങ്ങനെ.......??
എന്നുരിയാടാനെൻ മനമിടറിയെങ്കിലും...
അമ്മയെ ഭയന്നു ഞാൻ തരിച്ചുനിൽക്കുമ്പോൾ ,
മരച്ചില്ലയിൽ നിന്നും എന്തോ മനസ്സിലായെന്ന
ഭാവത്താൽ കാക്കയെങ്ങോ ചിറകടിച്ചു പറന്നുപോയ് !

# പെൺമനം

**കവിത** **നിദഹനാൻ ബി.എ**

നിദഹനാൻ ബി.എ



ആത്മാവിനന്തരങ്ങളിൽ
ഊർന്നിറങ്ങിടുന്ന
കണ്ണീരുപ്പുകലർന്നൊരു മോനം....
അറയതെ പറയാതെ
പെയ്തൊഴിഞ്ഞ മഴപോലെ
ജന്മ സാഫല്യങ്ങളിൽ...
കോർത്തിണക്കിയ മധുരമുള്ള
സ്വപ്നങ്ങൾ....
നിറമാർന്ന സ്വപ്നങ്ങളിലേയ്ക്ക
കുതിച്ചുയർന്നൊരാ പെൺസ്വപ്നം....
ഊർന്നിറങ്ങുന്നൊരു മഴപോലെ
നിഷ്ഫലമിന്നൊരു നോവിൻെറ
പുത്രി....

വിങ്ങും നിലാവിൻെറ
കോണിൽനിന്ന്
ഓടിയെത്തിയൊരു
കൈത്താങ്ങാകുവാൻ
ഇന്നവൾക്കല്ല ഒരു
മോഹവാഗ്ദാനങ്ങളും
കാരിരുമ്പിൻ കൂർത്തമുനകൾ

ഇന്നീനെഞ്ചകം  പിളർക്കുമ്പോൾ
നിശ്ശകന്യമാമിന്നൊരു പെൺപൂവ്
വിഹായസ്സിന്നത്രയും  കൂടിലതപേറുമീ.....
ലോകവുമിന്നെന്തെ; പെൺമനം
കേഴുന്നതറിയാതിരിക്കുന്നു.....

മർമ്മഭേദകമീ കാഴ്ച, കണ്ഠമിടറിയും
പാടുന്നവൾ  നോവിൻെറ, തീച്ചൂളകൾ
ഇന്നവൾക്ക് വ്യർത്ഥമാം നോവിൻെറ
നഷ്ടസ്വപ്നങ്ങൾ.......
ഇന്നുമാപെൺമനംകേഴുന്നു
ഒരു കൈത്താങ്ങിനായി
വലിച്ചെറിയപ്പെടാതിരിക്കു  വാൻ വെമ്പുന്നു
ഇന്നവൾ......
കീറിമുറിച്ചൊരാ നഷ്ടസ്വപ്നങ്ങൾ
ഇന്നവളിൽ നോവിന്റെ തീമഴയായി
കത്തിജ്വലിക്കുന്നു........

# മാറുന്ന പ്രകൃതി

**കവിത** **കീർത്തന ടി.പി**

കുന്നിൻ ചെരുവിലായ് മന്ദഹസിക്കുന്ന
പൂവിനെ കാണുവാൻ എന്തുഭംഗി
നാട്ടിൻ പുറത്തെ പ്രദേശമെല്ലാം
പച്ചപുതപ്പു വിരിച്ച പോലെ

തളിരിലാവന്നൊരാ പൂമരത്തിൽ
പാട്ടുകൾ പാടുന്ന കുഞ്ഞിക്കിളി
ഇങ്ങനെയുള്ള നൽകാഴ്ചകളെല്ലാം
ഇന്നിതെങ്ങോട്ടേക്കു മാഞ്ഞുപോയി

കുന്നിൻ ചെരുവുകൾ മാഞ്ഞുപോയി
അവിടെ ഫാക്ടറി തന്നുടെ കേന്ദ്രമായി
പച്ചപുതപ്പ് വിരിച്ച പ്രദേശമോ
കെട്ടിടങ്ങൾകൊണ്ടലസമായി

തളിരിലവന്നൊരാ പൂമരമിന്ന്
എങ്ങുപോയി ഇന്നെങ്ങുപോയി
ഗ്രാമങ്ങളിങ്ങനെ ശൂന്യമായി
മനുഷ്യൻെറ ക്രൂരത കൂടുകയായ്..........

# സമരം ചെയ്യാത്ത ഉറുമ്പുകൾ

കവിത

-ദിലീപ് കീഴൂർ

ഉറുമ്പുകളെ കണ്ടുപിടിക്കണമെന്ന്,
പറഞ്ഞിട്ടും,
കുട്ടികൾ ഉണർന്നില്ല.
ഉറുമ്പുകൾ വേഗം തീറ്റ തേടി,
സമരം ചെയ്തുപോയി.
പുസ്തകങ്ങൾ ചിതലരിച്ചിട്ടും,
കുട്ടികളനങ്ങിയില്ല.
വാക്കുകൾ ഉറുമ്പുകളായി
ഉറങ്ങിയവരെ തിന്നു,
തീർത്തെന്ന് നിസാരകഥ.



# സ്നേഹസ്പർശം

**കഥ**

**അഞ്ജുശ്രീ നായർ**[1]

**പു**ഴയോരത്തുകൂടി നടക്കുകയാണ് ലച്ചു.അവൾ ഒരു പതിനാല് വയസ്സുകാരിയാണ് ആരോരും തുണയില്ലാത്ത ഒരു ആനാഥ,ഏതുജോലിയും അവൾക്ക്  ചെയ്യാൻ കഴിയുമായിരുന്നു.അവൾക്ക് ഒരുവീട്ടിൽപോലും ആരും ആശ്രയം കൊടുത്തില്ല.എല്ലായിടത്തുനിന്നും അവൾ അതിക്രൂരമായി പീഡനം സഹിക്കേണ്ടിവന്നു.പിന്നെ അവൾ ഒരു ബധിരയുമായിരുന്നു.ഈ കാര്യം അവൾക്കല്ലാതെ വേറെ ഒരാൾക്ക്പോലും അറിയില്ലായിരുന്നു,ആരും അവളുടെ അവസഥ മനസ്സിലാക്കാൻ ശ്രമിച്ചില്ല.അതിനാൽ ജോലിക്കു പോകുന്നിടത്തു നിന്ന് അവർ പറയുന്നതെന്തെന്ന് കേൾക്കാഞ്ഞിട്ടാവണം അവർ അവളെഅന്ന് തന്നെ പറഞ്ഞയക്കും."ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ പോലും കൈകളിൽ ഒരുതുണ്ട് നാണയം പോലും അവശേഷിക്കുന്നില്ല ഉള്ളത് വരുന്ന വഴിക്ക് ആ ആലിൻ ചുവട്ടിലിരുന്ന് മുത്തശ്ശൻ കൊടുക്കുകയും ചെയ്തു"അവൾ പറഞ്ഞു.പുലരിയുടെ പച്ചനിറഞ്ഞ സുന്ദരതയിൽ അവൾ വരമ്പിലൂടെനടന്നു നീങ്ങുകയായിരുന്നു പരൽ മീനുകൾ നൃത്തം ചെയ്യുന്നതും ഇണക്കുരുവികൾ കൊക്കുരുമ്മുന്നതും അവൾ നോക്കി നിന്നു.”എനിക്കൊരു അച്ഛനും അമ്മയുമുണ്ടായിരുന്നെങ്കിൽ”.അവളുടെ മനസ്സ് വിതുമ്പി.കണ്ണിൽ



1അഞ്ജുശ്രീ നായർ

നിന്നും വെള്ളത്തുള്ളികൾ അടർന്നുവീണു. പെട്ടെന്ന് ഒരു കല്ലിൽ തട്ടി അവൾ വീഴാൻപോയി.

ഓ...ഇങ്ങനെയൊന്നും ഓർത്തുനടക്കേണ്ട.എന്റെ വിധി ഇങ്ങനെ കഴിയാനാ... ആരോരുമില്ലാതെ...അനാഥയായി.

ഹോ...എന്തൊരു വിയർപ്പ് നെറ്റിയിലിറങ്ങിയ വിയർപ്പ് തുടച്ച്കൊണ്ട് അവൾ സ്വയം പറഞ്ഞു.വല്ലാത്തൊരു പരവേശം ഇവിടെയിരുന്ന് ജീവനാകുന്ന ഈ ജീവപാനീയം കുടിച്ച് യാത്ര തുടരാം,എന്നെ മനസ്സിലാക്കുന്നആരെങ്കിലും ഈ ലോകത്ത് ഉണ്ടാവും തീർച്ച അവൾ സ്വയം പറഞ്ഞു.ദാഹം ശമിച്ചു എന്നാൽ വിശപ്പിന്റെ വിളി വയറ്റിൽനിന്നും ഉയർന്നുതുടങ്ങിയിരുന്നു.എവിടുന്നെങ്കിലുമൊന്ന് ഭക്ഷണം കിട്ടിയിരുന്നെങ്കിൽ അവൾ ചിന്തിച്ചുകൊണ്ട് നടക്കാൻ തുടങ്ങിയിരിക്കുന്നു വയറ്റിൽ നിന്ന് കരച്ചിലിന്റെ ശബ്ദം ഉയർന്നു നാല് ദിവസമായി എന്തെങ്കിലുമൊന്ന് കഴിച്ചിട്ട്. "ആരെങ്കിലുംസഹായിച്ചിരുന്നെങ്കിൽ ,അല്ലെങ്കിൽ ഞാൻ പട്ടിണി കിടന്ന് മരിക്കും തീർച്ച".

അവൾനടന്ന് നടന്ന് ഒരു വീടിനു സമീപം നിന്ന് അകത്തേക്ക് നോക്കി.ആ വീടു കാണാൻ ഒരു കൊട്ടാരം പോലെ തന്നെ ഉണ്ടായിരുന്നു.ഓടിട്ട ഒരു പഴയകാല കൊട്ടാരം.നല്ലയൊരു ഇളം കാറ്റ് എന്നെ തഴുകി,നല്ല പച്ച വിരിച്ച മുറ്റം, അവൾ നോക്കിയപ്പോൾ ഗെയ്റ്റ് പാതി തുറന്നു കിടക്കുന്നു."അകത്ത് കയറി നോക്കാം".ഗേറ്റ് കടന്ന് അവൾ മുറ്റത്തെത്തി ഉമ്മറത്ത് ആരെയും കാണുന്നില്ല,വാതിൽപോളകൾ പക്ഷെ തുറന്നിരിക്കുന്നുണ്ട് കുറച്ച് നേരം അകത്തേക്ക് കണ്ണും നട്ട് നോക്കി മുറ്റത്ത് വിറച്ച്നിൽകുകയാണ് ലച്ചു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ വീടിനുള്ളിൽ നിന്ന് ഒരു സ്ത്രീ പുറത്തേക്ക് വന്നു. ആ സ്ത്രീ ലച്ചുവിനോട് ചോദിച്ചു. “ങാ...എന്താ വേണ്ടത്”.അവൾക്കാകുന്ന രീതിയിൽ അത് മനസ്സിലാക്കിയെടുത്ത് ഭക്ഷണം വേണമെന്ന് അപേക്ഷിച്ചു.എന്നാൽ ആ അപരാധിയായ സ്ത്രീ ക്രൂരമനസ്സിനുടമയായവൾ ലച്ചുവിനെ അവിടുന്ന് ആട്ടിയോടിച്ചു.അവൾ അവിടുന്ന് ഓടി....ഓടി ഒരു വീടിനു സമീപമെത്തിയെങ്കിലും ലച്ചുവിന് ഒരടിപോലും മുന്നോട്ട് വെക്കാൻ കഴിഞ്ഞില്ല. അവൾ അവിടെത്തന്നെ തലകറങ്ങി വീണു. തന്റെ ജീവിതം  അവസാനിച്ചുവെന്ന് ലച്ചുവിനു തോന്നി. അവൾ ബോധം ഇല്ലാതെ

നിലത്ത് വീണു കിടന്നു. ആരും ആശ്രയമില്ലാതെ ആ സന്ധ്യാസമയത്ത് ഒരു പെൺകുട്ടി അബോധാവസ്ഥയിൽ ഒരു ഇരുട്ടുമൂടിയ വഴിയിൽ കിടന്ന് ഏങ്ങുന്നു.

അപ്പോഴതാ എന്തോ ഒരു ശബ്ദം കേട്ട് അവിടെ ഉള്ള ഒരു വീട്ടിൽ നിന്നു ഒരു മുത്തശ്ശനും മുത്തശ്ശിയും ഓടി വന്ന് അവളെ കണ്ടസമയത്തു തന്നെ അവരുടെ കൈകളിൽ അവളെ കോരിയെടുത്തു വീട്ടിലേക്ക് കൊണ്ടുപോയി.

മുത്തശ്ശനും,മുത്തശ്ശിയും അവൾക്ക് ബേധം വരാൻ പ്രാർത്ഥിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അവളുടെ കണ്ണുകൾ പതിയെ പതിയെ തുറന്നുവരാൻ തുടങ്ങി. പൂർണ്ണമായും ബോധം തികച്ചുകിട്ടിയപ്പോൾ ആദ്യം അവൾ കണ്ടത് ഇവരെയാണ്. അവൾക്ക് വെപ്രാളം കൂടി. എതോ ഒരു മനോഭാവത്തിൽ അവൾ അവരെത്തന്നെ നോക്കി നിന്നു. അവർ രണ്ടു പേരും ലച്ചുവിനോട് പറഞ്ഞു “മോളെ പേടിക്കണ്ട ഞങ്ങൾ ഒന്നും ചെയ്യില്ല " അവർ പറഞ്ഞതൊന്നും അവൾക്ക് മനസ്സിലായില്ല. അപ്പോൾ അവർ ശ്രദ്ധിച്ചു. വീണതിന്റെ ആഘാതത്തിൽ അവളുടെ ഒരു ചെവിയിൽ രക്തം പൊടിയുന്നു. അവൾ പറഞ്ഞു "എനിക്ക് ചെവി കേൾക്കില്ല ഞാനൊരു കേൾവിയില്ലാത്ത ഒരു കുട്ടിയാണ് . അവൾ വിതുമ്പിക്കൊണ്ട് കണ്ണുകളിൽ നിന്ന് മുത്തുമണികൾ പൊഴിച്ചുകൊണ്ട് അവളാൽ പറ്റുന്ന രീതിയിൽ ആ കാര്യം അവൾ പറഞ്ഞുകൊടുത്തു. ലച്ചു പറഞ്ഞു."എനിക്ക് വിശക്കുന്നു കുറേ ദിവസമായി വല്ലതും കഴിച്ചിട്ട്". മുത്തശ്ശനും മുത്തശ്ശിക്കും അവളുടെ സങ്കടമുള്ള മുഖം കണ്ടിരിക്കാൻ പറ്റിയില്ല.അവർ ലച്ചുവിനോട് അവളുടെ വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞ് അവൾക്ക് ഭക്ഷണം കൊടുക്കുകയും പിന്നെ അവളുടെ ചെവിയിൽ മരുന്ന് വെക്കുകയും ചെയ്തു.അവളുടെ അബോദാവസ്ഥ മൊത്തംമാറികഴിഞ്ഞപ്പോൾ അവൾ പറഞ്ഞു."ഞാൻ പൊയ്ക്കോള്ളാം നിങ്ങൾ എന്നെ ഇത്രയും നല്ലത് പോലെ ഈകുറച്ചുനേരം നോക്കിയതിനു ഞാൻ നന്ദി പറയുന്നു.എനിക്ക് മതിയാവോളം ഭക്ഷണം തന്നു.ഒരിക്കലും മറന്നു പോകില്ല".ആ സുന്ദരമായ മ്ഖം വിളറി,ചുണ്ടുകൾ ചുവന്നു.കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊടിയാൻ തുടങ്ങി.

അപ്പോൾ അവർ പറഞ്ഞു "ഇത്രയും കാലമായി ഞങ്ങൾക്ക് ദൈവമൊരു കുട്ടിയെ തന്നില്ല അതിന് ഞങ്ങൾ പല അമ്പലങ്ങളിലും ആശുപത്രിയിലും എല്ലാം

കേറിയിറങ്ങി ഒരു കാര്യവുമില്ല എന്ന് മനസ്സിലായപ്പോൾ ഞങ്ങൾ സ്വയം പറഞ്ഞു നമ്മുടെ ജീവൻ ഇതുപ്പോലെ ജീവിക്കാനായിരിക്കും ദൈവത്തിന്റെ തീരുമാനം.ഒരു കുട്ടിയില്ലാത്തതിനാൽ ഞങ്ങളുടെ ജീവിതം ഇങ്ങനെ ജീവിച്ചുതീർക്കാൻ തീരുമാനിച്ചു.എന്നാൽ ഇപ്പോൾ അതാ... അതേ ദൈവം ഞങ്ങളുടെ മുന്നിൽ ഞങ്ങൾക്ക് വേണ്ടി ഒരു പൊന്നോമനയെ തന്നിരിക്കുന്നു". ഈ വാക്കുകൾ അവൾക്ക് ചിന്തിക്കാൻ പോലും കഴിയാത്തതായിരുന്നു.

അവളുടെ കവിളുകൾ ചുവന്നു ചിരികൾ വിടർന്നു ,ഓമനത്തമുള്ള മുഖത്ത് പ്രകാശത്തിന്റെ കിരണങ്ങൾ വന്നു പതിച്ചിരിക്കുന്നു, ജീവനറ്റുപോയ കണ്ണുകളിൽ ജീവന്റെ തടിപ്പ് കാണ്ണാൻ അവർക്ക് കഴിഞ്ഞു.ലച്ചുവിനെയും കൊണ്ട് വീടിനകത്തേക്ക് അവർ പോയി.

പിന്നെ അവളുടെ കേൾവിശക്തിക്ക് വലിയകുഴപ്പമൊന്നു ഇല്ലാത്തതിനാൽ ലച്ചു മുത്തശ്ശന്റെയും മുത്തശ്ശിയുടെയും പൊന്നോമന മക്കളായി ആ വീട്ടിൽ ജീവിക്കാൻ തുടങ്ങുകയും ചെയ്തു. സ്നേഹം കൊതിച്ച അവളുടെ മനസ്സ് നിറഞ്ഞു. കണ്ണുകളിൽ നനവു പടർന്നു.

ആരോരുമില്ലാതെ ഒരു പെൺകുട്ടിക്ക് പതിനാലുവയസ്സുവരെ ഒറ്റയ്ക്ക് ജീവിക്കാൻ കഴിയുന്നുണ്ടെങ്കിൽ അവൾ ദൈവത്തിന്റെ മകളായിരിക്കും.ലച്ചുവിനെ പോലെ ഒരുകുട്ടിയെങ്കിലും ഈ ലോകത്തുണ്ടെങ്കിൽഒരിക്കലും പതറരുത്. കരുത്തോടെ ആവശ്യം ഉള്ളയിടത്ത് ബുദ്ധി ഉപയോഗിക്കുക പെണ്ണിന്റെ കരുത്താണ് അവളുടെ ജീവന്റെ ശക്തി.



# മഴ

**കഥ** **ജയശ്രീ**

ചാറ്റൽമഴ മെല്ലെ കനത്തു വന്നു..... നനഞ്ഞൊട്ടിയ വസ്ത്രങ്ങളുമായി മോനും ഞാനും ബസ്സിറങ്ങി നടന്നു .....ഒരു കയ്യിൽ മോന്റെ പുസ്തകസഞ്ചിയും അവന്റെ കുഞ്ഞു കയ്യും . മറുതോളിൽ സ്വന്തം ബാഗും അക്കയ്യിൽ കുടയും ....മഴ കൊള്ളാതെ മോനെ ചേർത്ത്പിടിച്ചിട്ടുണ്ട് ...
ഒരൊറ്റ ഓട്ടോയുമില്ല ...നടക്കാം മോനെ.....അവൻ വൈമനസ്യത്തോടെ തല കുലുക്കി......വഴി നീളെ മിന്നൽപ്പിണറുകൾ വഴി കാണിക്കുന്നു.....മഴ ആർത്തിരമ്പുകയാണ് കുടക്കു മീതെ.....ഇടിമുഴക്കം മണ്ണിനെ പിളർക്കുന്നു....സമയം അഞ്ചരകഴിഞ്ഞതെയുള്ളു......അപ്പോഴേക്കും ഇരുട്ട് പരന്നല്ലോ........
 ആകുലതയോടെ മോനെ നോക്കി..........കുഞ്ഞു മുഖത്ത് പേടിയുടെ നിഴലാട്ടം കാണുന്നില്ല......വെള്ളം കുത്തിയൊഴുകുന്നു..........അങ്ങ് മല മുകളിൽ നിന്നാവും....മോനെ വീണ്ടും നോക്കി....വേണ്ടായിരുന്നു......എന്റെ സ്കൂളിൽ അവനെ ചേർക്കേ ണ്ടായിരുന്നു ...ഇത്ര ചെറുപ്പത്തിൽ ഇത്രയും ദൂരെ.......
മോനെ അമ്മയെടുക്കണോ? വേഗം സമ്മതിച്ചു.......കുഞ്ഞുമനസ്സ് പേടിച്ചിരുന്നോ?
മോന്റെ ബാഗ് പിടിച്ച കൈ കൊണ്ട്  അവനെ താങ്ങിയെടുത്തു........ മറുകയ്യിലെ കുട ഒന്ന് കൂടെ ഉയർത്തിപ്പിടിച്ചു..
പെട്ടെന്ന് പുറകിലൊരു നിഴൽ........കുടയില്ലാതെ, ആരോ ഒരാൾ വേഗത്തിൽ നടന്നു വരുന്നു......പെട്ടെന്നൊരു മിന്നൽപ്പിണർ മനസ്സിലും.........
നടത്തത്തിന്റെ വേഗത കൂട്ടി....അല്ല ഓട്ടം തന്നെ ...അഞ്ചു വയസ്സുള്ള മോനെയുമെടുത്ത്......
മെല്ലെ തിരിഞ്ഞു നോക്കി....ആരുമില്ല.......ഒന്നുകൂടെ നോക്കിയപ്പോൾ

പുഴവക്കത്തെ മില്ലിന്റെ ഇറയത്തേക്കു ഒരു നിഴലായി അയാൾ കയറി നിൽക്കുന്നു......പാവം...ചിരിച്ചു പോയി......
ഈ പെരുമഴയത്ത് ഞാനും മോനും മാത്രം പെരുവഴിയിൽ.......നടത്തം മെല്ലെ ആയി......
ഒരു വളവു തിരിഞ്ഞു അടുത്തത് കയറ്റമാണ്......
മലവെള്ളപ്പാച്ചിൽ ഇപ്പോൾ കുത്തനെ താഴോട്ടു ....വെള്ളച്ചാട്ടം പോലെ.....
ഇനി ഞാൻ നടക്കാംമ്മേ .. .മോൻ ഒക്കത്ത് നിന്നിറങ്ങി...
അവന്റെ സൂത്രം മനസ്സിലായി.......
വെള്ളം തട്ടിത്തെറിപ്പിച്ചു അവനതാ മുന്നിലോടുന്നു.....
മോനെ,, നിൽക്ക്........
കുടയും ബാഗുമായി ഞാൻ പിന്നാലെ...... ഇടിയൊച്ച ഇപ്പോൾ പേടിപ്പിക്കുന്നില്ല.....മിന്നലിന്റെ വെളിച്ചത്തിൽ റോഡിലെ വെള്ളം തിളങ്ങി......പുഴ ഇങ്ങെത്തി യിരിക്കുന്നു ......പെട്ടെന്ന് അമ്മയെ ഓർത്തു........
അമ്മ ഒറ്റക്കാണ്.........വേഗം വീട്ടിലെത്തിയെങ്കിൽ .............
മഴയുടെ ആരവത്തിനിടയിലും മോൻ വെള്ളം തെറിപ്പിക്കുന്ന ശബ്ദം ....
മുളങ്കൂട്ടം തൊഴുകയ്യുമായി റോഡിലേക്ക് ചാഞ്ഞു നിൽക്കുന്നു...
റോഡിൽ നിന്നും ഒരി റ ക്കത്തി ലാണ് വീട്ടിലേക്കുള്ള ഇടവഴി......
മുളങ്കൂട്ടത്തിൽ നിന്നും വെള്ളച്ചിറകുള്ള നനഞ്ഞൊട്ടിയ പേരറിയാക്കിളി പറന്നുയർന്നു. കഴിഞ്ഞ ദിവസം മോന്റെ പാട്ട് ക്ലാസിൽ നിന്ന് കേട്ട വരികൾ ഓർത്തുപോയി....
കൂടൊന്നു കൂട്ടാൻ നാരുകൾ തേടി...
ആൺ കിളിയെങ്ങോ പോയീ.....
ദൂരേ..............ദൂരേ.................................
പെൺകിളി കാത്തിരുന്നു....................
കുത്തിയൊലിച്ച് വരുന്ന മഴ വെള്ളത്തിലൂടെ കടലാസ് തോണികളെ പ്പോലെ ഞങ്ങൾ..... ഗേറ്റ് രണ്ടും തുറന്നിട്ടിരിക്കുന്നല്ലോ.............മുറ്റത്തു വെള്ളപ്പൊക്കം ...എന്നിട്ടും വന്നു പോയ വാഹനത്തിന്റെ ടയറിന്റെ പാടുകൾ........


അമ്മ പതിവില്ലാതെ വലിയ സന്തോഷത്തിലാണ്..... ......
മാമനാണോ വന്നത് ? അമ്മയൊന്നും പറയുന്നില്ലല്ലോ........
കോലായിൽ തന്നെ ബാഗുകൾ വച്ച് അകത്തേക്ക് നടന്നു........
പരിചിത ഗന്ധം........മനസ്സും ശരീരവും  തളരുന്നോ.............
ഇടനാഴിയിൽ നിന്ന് മുഖം നിറയെ ചിരിയുമായി വരുന്നതാരാണ്  ?
മോനെയും  എടുത്തു തന്റെ നേർക്ക് നീളുന്ന കൈകളിലേക്കണയുമ്പോൾ ,അങ്ങ് പുഴയോരത്ത് അല്പം നീങ്ങിയ കാർ മേഘ ങ്ങൾക്കിടയിലൂടെ
അസ്തമന സൂര്യൻ പതുക്കെ ചിരിക്കുന്നത് കണ്ടു.........



# ബാല്യകാലം

## ഓർമക്കുറിപ്പ്

ജയ



ഇന്നും മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്ന .
വീണ്ടുമൊരു കുട്ടിയാവാൻ മനസ്സിൽ നിലനിർത്തുന്ന
കുറെ ഓർമ്മകൾ...
അമ്മയുടെ വീട്ടിൽ കാവും കുളവും ക്ഷേത്രവും
ഉത്സവത്തിന് മുന്നോടിയായി ഉയരത്തിൽ
മുളങ്കമ്പുകളിൽ നാട്ടുന്ന കാറ്റിൽ പാറിപ്പറക്കുന്ന
കൊടികളും ....
ആ മണ്ണിൽ നിന്ന് കിട്ടിയ തീരാ സ്നേഹത്തിന്റെയും
വാത്സല്യത്തിന്റെയും ഒരു പിടി നെൽക്കതിരുകളും...

പുന്നെല്ലിന്റെയും
തൊഴുത്തിൽ അയവെട്ടുന്ന പശുക്കളുടെയും ഗന്ധം
ഒന്നുകൂടി അനുഭവിക്കാൻ ....
അമ്മപ്പശുവിനു പിന്നാലെ തുള്ളുന്ന പശുക്കിടാങ്ങളുടെ പിന്നാലെ
ഓടാൻ...
ഞാവൽപ്പഴവും മുള്ളൻ കായും തിന്നു തിന്നു തിന്നു മതികെടാൻ...

റെയിലിനപ്പുറത്തു നെൽപ്പാടത്തിനു നടുവിലുള്ള , പിറകിലൂടെ ഒരു കുഞ്ഞു തോടൊഴുകുന്ന മൂത്തമ്മയുടെ വീട്ടിൽ ഒരിക്കൽ കൂടി പോവാൻ , ഏട്ടന്മാരുടെയും ചേച്ചിയുടെയും കൂടെ ഊഞ്ഞാലിലാടി ആകാശം തൊടാൻ , ആ സ്നേഹവാത്സല്യങ്ങൾ ഒന്നൂടെ നുകരുവാൻ ....

അനിയനും സംഘവും പറിക്കുന്ന പച്ചമാങ്ങ പാറമേലെറിഞ്ഞു പൊട്ടിച്ചു ഉപ്പു കൂട്ടി പല്ലു പുളിക്കും വരെ തിന്നാൻ ...

നടുവകത്തെ മുറിയിൽ ഏട്ടൻ എടുത്തു
വച്ചിരിക്കുന്ന മാതൃഭൂമി ആഴ്ചപ്പതിപ്പുകളെടുത്തു വീണ്ടും വീണ്ടും
വായിക്കാൻ...

പടിഞ്ഞാറു വശത്തുള്ള തോട്ടുവക്കിൽ ചെന്ന് അനിയന്മാർ
ചൂണ്ടയിടുന്നതും നോക്കി വെറുതെ നിൽക്കാൻ.....

ഇരുട്ട് പതുങ്ങിക്കളിക്കുന്ന ഇടനാഴിയിൽ വലിയ ചെമ്പുകളിൽ പഴുപ്പിച്ചു
വച്ചിരിക്കുന്ന സ്വർണ്ണനിറമുള്ള മാങ്ങ കടിച്ചീമ്പി തിന്നാൻ.....ആ
മധുരത്തിലലിയാൻ....

കളിച്ചു മതിയാവാതെ പെട്ടെന്ന് സന്ധ്യയായതെന്തേ എന്നോർത്ത്
പാറകൾക്കു മുകളിൽ നിന്ന് ചെംചായം
ചാലിച്ച പടിഞ്ഞാറൻ മാനം നോക്കി നിൽക്കാൻ...
വലിയമ്മയുടെ അവസാന വിളി കേട്ട് കല്ലും മുള്ളും വക വെക്കാതെ
കല്ലുവെട്ടു കുഴിയുടെ വക്കത്തുള്ള ഇല്ലാ വഴിയിലൂടെ ഒരിക്കൽ പോലും
വീഴാതെ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന മട്ടിൽ കുതിച്ചോടാൻ....

വീട്ടിനു പിറകിൽ കാവിനടുത്തുള്ള കുളത്തിൽ ചെന്ന് കണ്ണ് ചോക്കും
വരെചാടി മറിയാൻ...
പാടത്തു നിന്നും വന്ന അമ്മച്ഛന് ചുറ്റുമായി രിക്കാൻ , മാമന്മാരുടെ
കഥകൾ കേൾക്കാൻ ...
ഒടുവിൽ സുജേച്ചിയോ ബേബിയേച്ചിയോ തരുന്ന ചോറുളകൾ
കഴിക്കാൻ , അവരുടെ മടിയിൽ കിടന്നുറങ്ങാൻ ...
പിന്നെ , പത്തായത്തിൽ നിന്നുയരുന്ന നെല്ലിന്റെ വാസനയോടെ
ഉറക്കമുണരാൻ.. ചേച്ചിമാരോടും അനിയത്തിമാരോടും
കളിക്കൂട്ടുകാരിയോടുമൊത്തു . പറമ്പിലേക്കിറങ്ങി , മഞ്ഞു പുതച്ച മരങ്ങളും
കണ്ടു , കല്ലുകൾക്കിടയിൽ നിന്ന് തലനീട്ടുന്ന കാക്കപ്പൂ ച്ചെടികളിലെ
കുളിർ മഞ്ഞിൻ തണുപ്പ് കാലടികളിൽ നിന്നും

**മൂർധാവ് വരെ പടരുന്നതറിയാൻ .....**

**......ഇനിയെത്ര കാലം കാത്തിരിക്കണം ഞാൻ........എത്രയെത്ര കാലം???**



# കൺപീലി നനയുമ്പോൾ

**കവിത** **റീനാകുമാരി എം**

'കവിതേ' പച്ചച്ചിറകുള്ള പക്ഷീ...
കഴിയുമോ കണ്ണുനീരൊപ്പാൻ?
കരളിലെ കദനത്തിൻ ഭാരം ചുമക്കുവാൻ
കഴിയാതെ ഞാനുഴലുമ്പോൾ
നിനവിനും കനവിനുമപ്പുറം ചുറ്റിലും
നിറയുന്നു ചുടുനിണം നെഞ്ചു കനക്കുന്നു
നാടും നഗരവും നാശോന്മുഖമായ
നാൾവഴി തേടുന്നു നാനാവഴികളിൽ.
ഞാനബലയെങ്കിലും നീയബലയല്ലെന്ന്
ഞാനറിയുന്നിന്ന് പ്രിയസഖീ...
ഞാൻ നിനക്കന്യയായ്ത്തീരാതിരിക്കട്ടെ
ഞാനെന്നിൽ നിന്നെ നിറയ്ക്കട്ടെ.
മാനവർ ദാനവരായ് തീരുമൂഴിയിൽ
മർത്യബന്ധങ്ങൾ ശിഥിലമായ് തീരവേ
മാനുഷിക ഭാവങ്ങൾ മായുന്നു മറയുന്നു
മന്നിതിലെങ്ങുമശാന്തിപരക്കുന്നു.
എത്രയോ സോദരിമാരുടെ കണ്ണുനീർക്കയമിന്ന്
നിൻമുന്നിൽ നിണമായൊഴുകുന്നു.
കശ്മലന്മാരാൽ കശക്കിയെറിയപ്പെട്ട
സ്ത്രീത്വത്തെ - സ്നേഹത്തെ ആരുണ്ടറിയുവാൻ.
ഒരിടത്തൊരൊറ്റക്കയ്യനവളെ
ഒറ്റയ്ക്ക് നോവിൻ കടലിൽ മുക്കികൊന്നു.
പലർചേർന്ന് പലയിടത്തുമവളെ

പൈശാചികമായ് പിച്ചിച്ചീന്തുന്നു!
യുദ്ധമാണെല്ലായിടത്തുമിന്നൂഴിയിൽ
ക്രൂദ്ധചിത്തം ചാമ്പലാക്കുന്നവനിയെ.
എവിടെനിന്നെത്തീയീ...ചാവേർ...
ചുട്ടുചാമ്പലാക്കാൻ എന്റെ പ്രിയജനത്തെ
നിൻ നയനം നിറയുന്നതറിയുന്നു ഞാൻ സഖീ......
നിസ്സഹായതയുടെ നെടുവീർപ്പുമറിയുന്നു
കണ്ണുനീർ വറ്റിയ മിഴികളിലിന്നെൻെറ
കൺപീലിനനയിക്കാൻ വന്നു നീ....'കവിതേ'




പ്രിയനന്ദ